**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1877** **02-02-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്കായുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്ഷീരകർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ? | (എ) | ക്ഷീരവികസന വകുപ്പിന്റെ പ്രധാന പദ്ധതിയായ മിൽക്ക് ഷെഡ് വികസന പദ്ധതി മുഖേന അന്യ സംസ്ഥാനങ്ങളിൽ നിന്നും കറവ പശുക്കളെ വാങ്ങുന്ന ഒരു പശു ഡയറി യൂണിറ്റ്, രണ്ട് പശു ഡയറി യൂണിറ്റ്, അഞ്ച് പശു ഡയറി യൂണിറ്റ്, പത്ത് പശു ഡയറി യൂണിറ്റ്, ഇരുപത് പശു ഡയറി യൂണിറ്റ് പദ്ധതികൾ കൂടാതെ കാലിത്തൊഴുത്ത് നിർമ്മാണം, ഡയറി ഫാമുകളുടെ ആധുനികവത്കരണവും യന്ത്രവത്കരണവും, അതിദാരിദ്ര്യ നിർമ്മാർജനത്തിനായുള്ള ഒരു പശു ഡയറി യൂണിറ്റ് എന്നിവ ഉൾപ്പെടുന്നു. മിൽക്ക് ഷെഡ് വികസന പദ്ധതി കൂടാതെ തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ ധനസഹായ പദ്ധതി, തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി, ഓരോ മേഖല/വിഭാഗം/ജില്ല എന്നിവിടങ്ങളിലെ തൊഴിലാളികൾക്കായി പ്രത്യേക ഡയറി പാക്കേജുകൾ, പാലുല്പാദനച്ചെലവ് കുറയ്ക്കുന്നതിനുള്ള പദ്ധതികൾ, പാൽ ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം തുടങ്ങിയ പദ്ധതികളിലൂടെ സംസ്ഥാനത്തെ ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ക്ഷീരവികസന വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ക്ഷീരമേഖലയിൽ അനേകം പദ്ധതികൾ ക്ഷീരവികസന വകുപ്പിന്റെ ഉദ്യോഗസ്ഥരെ നിർവ്വഹണ ഉദ്യോഗസ്ഥരായി നിയമിച്ചുകൊണ്ട് നടപ്പിലാക്കുന്നു. കറവ പശുപരിപാലന പദ്ധതി, ഗർഭകാല സംരക്ഷണ പദ്ധതി, കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി, പാലിന് സബ്സിഡി പദ്ധതി, |

| | | | |
|---|---|---|---|
| | | | കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതി, തീറ്റപ്പുൽകൃഷി പദ്ധതി, മിനി ഡയറി ഫാം ആധുനികവത്ക്കരണം, കറവയന്ത്രപദ്ധതി, ചാണകം ഉണക്കി പൊടിക്കുന്ന പദ്ധതി, കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡ് എന്റർപ്രൈസസ് കം മിനി ഡയറി ഫാം, പാൽ സംഭരണവും വിപണനവും വാതിൽ പടിക്കൽ, മിനി എലിവേറ്റഡ് ക്യാറ്റിൽ ഷെഡ്, തുടങ്ങിയ ഒട്ടനവധി പദ്ധതികളിലൂടെ ക്ഷീരകർഷകർക്ക് ധനസഹായം അനുവദിക്കുന്നു.<br><br>ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതികളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളും ക്ഷീരകർഷകർക്ക് പാലുല്പാദന ചെലവ് കുറയ്ക്കുന്നതിനും ഈ മേഖലയിൽ അവരെ നില നിർത്തുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും സഹായകരമാണ്.<br><br>പാലുൽപാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനു വേണ്ടി മിൽമയും മേഖലാ യൂണിയനുകളും വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. വിപണി വിലയുടെ 83 ശതമാനവും ക്ഷീരകർഷകർക്ക് പാൽ വിലയായും മറ്റാനുകൂല്യങ്ങളായും നൽകുന്നതിനു പുറമേ വിവിധ സബ്സിഡികളായും, അധിക പാൽവിലയായും, വിവിധ ക്ഷേമ പ്രവർത്തനങ്ങളായും, കർഷകക്ഷേമ പദ്ധതികളായും കഴിഞ്ഞ സാമ്പത്തികവർഷം 70 കോടിയോളം രൂപ ക്ഷിരസംഘങ്ങളിലൂടെ ക്ഷീരകർഷകർക്ക് കൈമാറാൻ മിൽമയ്ക്ക് സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭാഗികമായ ധനസഹായത്തോടു കൂടിയും മേഖലാ യൂണിയനുകളുടെ സ്വന്തം ഫണ്ടുപയോഗിച്ചും സംസ്ഥാനത്തെ ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനായുള്ള സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളിൽ മിൽമയും പങ്കാളിയാവുന്നുണ്ട്. സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചു നൽകിക്കൊണ്ടും, ചെലവ് കുറഞ്ഞ പാലൽപാദനത്തിന് കറവമാടുകൾക്ക് പോഷകസമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിൽ എത്തിച്ചുകൊണ്ടും മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരകർഷകന്റെ വർദ്ധിച്ചുവരുന്ന ഉൽപാദനചെലവ് നിയന്ത്രിച്ചുകൊണ്ട് കൂടുതൽ പേരെ ക്ഷീരമേഖലയിലേക്ക് എത്തിക്കുവാനും അതുവഴി ക്ഷീരോൽപാദനം വർദ്ധിപ്പിച്ചുകൊണ്ട് പാലുൽപാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ